**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2962

28.01.2014 ൽ
മറുപടിക്ക്

## എയിഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും

**ചോദ്യം**

**ശ്രീ. എം. ഹംസ**

**മറുപടി**

**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) എയിഡഡ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണ്; | (എ) സ്വകാര്യ എയിഡഡ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപകരിൽ നിന്നും സീനിയോറിട്ടി കം ഫിറ്റ്നസിന്റെ അടിസ്ഥാനത്തിലാണ് പ്രിൻസിപ്പൽ നിയമനം നടത്തുന്നത്. ഇത്തരത്തിൽ യോഗ്യരായ അദ്ധ്യാപകർ ഇല്ലായെങ്കിൽ യൂണിവേഴ്സിറ്റി ആക്റ്റ് പ്രകാരം ബിരുദാനന്തര ബിരുദത്തിന് 55% മാർക്കും പി. എച്ച്. ഡിയും ഉള്ള അസോസിയേറ്റ് പ്രൊഫസർമാരിൽ നിന്നും മാനേജ്മെന്റുകൾക്ക് നേരിട്ട് നിയമനം നടത്താവുന്നതാണ്. |
| (ബി) എയിഡഡ് കോളേജ് പ്രിൻസിപ്പൽ നിയമനത്തിൽ യു.ജി.സി., ഡോക്ടറേറ്റ് യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) പ്രിൻസിപ്പൽ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ഡോക്ടറേറ്റ് നിർബന്ധമാണ് |
| (സി) പ്രിൻസിപ്പൽ നിയമനത്തിൽ ഡോക്ടറേറ്റും സീനിയോറിറ്റിയും ഉള്ള ഉദ്യോഗാർത്ഥികളെ മറികടന്ന് ഡോക്ടറേറ്റും, സീനിയോറിറ്റിയുമില്ലാത്തവരെ പ്രിൻസിപ്പലായി നിയമിക്കുവാൻ മാനേജ്മെന്റുകൾക്ക് അവകാശമുണ്ടോ; | (സി) സർവ്വകലാശാല ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമനം നടത്തുവാൻ മാനേജ്മെന്റുകൾക്ക് അവകാശം ഇല്ല |

| | |
|---|---|
| (ഡി) ഇത്തരം നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എന്ത് നടപടികളാണ് സ്വീകരിക്കുക; ഇത്തരത്തിലുള്ള എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ഡി) യൂണിവേഴ്സിറ്റി ട്രിബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഇ) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള മാനേജ്മെന്റുകൾക്ക് പ്രിൻസിപ്പൽ നിയമനത്തിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;<br>(എഫ്) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള കോളേജ് മാനേജ്മെന്റുകൾക്ക് അദ്ധ്യാപക/ പ്രിൻസിപ്പൽ നിയമനങ്ങളിൽ യു.ജി.സി., മാർഗ്ഗനിർദ്ദേശങ്ങൾ ഏതെങ്കിലും സാഹചര്യങ്ങളിൽ ലംഘിക്കുവാൻ കഴിയുമോ; | (ഇ) & (എഫ്) ഇല്ല |
| (ജി) ഒരു എയിഡഡ് കോളേജ് മാനേജ്മെന്റ് പ്രിൻസിപ്പൽ നിയമനം നടത്തി നടപടി പൂർത്തിയായ ശേഷം സ്ഥാപനത്തിന് ന്യൂനപക്ഷ പദവി ലഭിച്ചാൽ, പഴയ നിയമനത്തിന് ന്യൂനപക്ഷപദവിയുടെ പരിരക്ഷ ലഭിക്കുമോ ? | (ജി) ബാധകമല്ല |

സെക്ഷൻ ഓഫീസർ